# CASA-BYOD-AOF-for-Electronically-Source-Accounts TnC

സുപ്രധാന നിയമങ്ങളും നിയന്ത്രണങ്ങളും (ഉപഭോക്തൃ പകർപ്പ്)

ഇനിപ്പറയുന്ന നിബന്ധനകളും വ്യവസ്ഥകളും (T&C) വായിച്ച് മനസ്സിലാക്കിയതായി അക്കൗണ്ട് ഉടമയായ ഞാൻ (ഈ സന്ദർഭത്തിൽ, "ഞാൻ", "എന്റെ" എന്നത് അക്കൗണ്ടിന്റെ എല്ലാ ഉടമകളെയും സൂചിപ്പിക്കുന്നു) ഇതിനാൽ സമ്മതിക്കുന്നു, കൂടാതെ T&C-ലെ ഏത് പുനരവലോകനങ്ങളും www.axisbank.com എന്ന വെബ്സൈറ്റിൽ നിന്നു മാത്രമേ ആക്സസ് ചെയ്യാനാകു എന്ന് ഞാൻ മനസ്സിലാക്കുന്നു.

**ഇലക്ട്രോണിക് ഫോം പൂരിപ്പിക്കൽ:** ടാബ്ലെറ്റുകളും മൊബൈൽ ഉപകരണങ്ങളും വഴി ആക്സിസ് ബാങ്കിൽ ഒരു അക്കൗണ്ട് തുറക്കാനുള്ള ഞങ്ങളുടെ താൽപ്പര്യം ഞാൻ/ഞങ്ങൾ സ്ഥിരീകരിക്കുകയും, ഇലക്ട്രോണിക് ആപ്ലിക്കേഷനിൽ ഞാൻ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്, എന്റെ/ഞങ്ങളുടെ പേരിൽ അക്കൗണ്ട് തുറക്കുന്നതിന് ആവശ്യമായ വിവരങ്ങൾ നൽകുന്നതിന്, ആക്സിസ് ബാങ്ക് ലിമിറ്റഡിന്റെ ______________ ഐഡി നമ്പർ ഉള്ള ജീവനക്കാരനായ/പ്രതിനിധിയായ __________________ എന്ന ജീവനക്കാരന്/പ്രതിനിധിക്ക് ഞാൻ/ഞങ്ങൾ അനുമതി നൽകുന്നു. ഇലക്ട്രോണിക് അപേക്ഷാ ഫോമിൽ അവൻ/അവൾ നൽകിയ വിവരങ്ങൾ ഞാൻ/ഞങ്ങൾ നന്നായി പരിശോധിക്കുകയും ആധികാരികത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ടെന്നും, ആയവ കൃത്യവും സത്യവും കാലികവുമാണെന്നും ഞാൻ/ഞങ്ങൾ സ്ഥിരീകരിക്കുന്നു, ഇലക്ട്രോണിക് അപേക്ഷാ ഫോമുമായി ബന്ധപ്പെട്ട് മുകളിൽ ഉദ്ധരിച്ച റഫറൻസ് നമ്പർ, അപേക്ഷാ വിശദാംശങ്ങളുടെ എന്റെ അവലോകനം, പരിശോധന, സ്ഥിരീകരണം എന്നിവയ്ക്ക് ശേഷം സൃഷ്ടിച്ചതാകുന്നു. ഇലക്ട്രോണിക് അപേക്ഷാ ഫോമും, ഫിസിക്കൽ അപേക്ഷാ ഫോമും ഒരുമിച്ച് മുകളിൽ പറഞ്ഞ അപേക്ഷാ നമ്പറിന്റെ അക്കൗണ്ട് തുറക്കുവാൻ ഉതകുന്ന രേഖകളായി വർത്തിക്കുന്നു.

അക്കൗണ്ട് തുറക്കൽ/സേവന വ്യവസ്ഥ: അക്കൗണ്ട് തുറക്കൽ ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളും, ഞാൻ നൽകുന്ന വിവരങ്ങൾ/രേഖകൾ പരിശോധിച്ചുറപ്പിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. അക്കൗണ്ട് തുറന്നിട്ടില്ലെങ്കിൽ, ഞാൻ/ഞങ്ങൾ ആയതിലേക്കു 20,000 രൂപയോ അതിൽ കൂടുതലോ പണം നൽകിയിട്ടുള്ള പക്ഷം, പ്രസ്തുത തുക ഡിമാൻഡ് ഡ്രാഫ്റ്റ്/ചെക്ക് അല്ലെങ്കിൽ തപാൽ ഓർഡറായി മാത്രം എനിക്ക് തിരികെ നൽകപ്പെടുന്നതായിരിക്കും. പാക്കിസ്ഥാനിൽ നിന്നുള്ള സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഓഫീസ് അക്കൗണ്ട് തുറക്കുന്നതിന് ആർബിഐയുടെ അനുമതി ആവശ്യമാണ്.

**സേവനങ്ങൾ:** ആക്സിസ് ബാങ്ക് അതിന്റെ കഴിവിന്റെ പരമാവധി എല്ലാ സേവനങ്ങളും നൽകും. എനിക്ക്/ഞങ്ങൾക്ക് ആക്സസ് ചെയ്യാവുന്ന സേവനങ്ങളുടെ സമഗ്രമായ ലിസ്റ്റ് www.axisbank.com-ൽ കാണാം. ഞാൻ നിലവിലുള്ള ഒരു ഉപഭോക്താവല്ലെങ്കിൽ, എനിക്ക് മുൻകൂർ അറിയിപ്പ് നൽകാതെ, ആവശ്യമെന്ന് കരുതുന്ന ഉപഭോക്തൃ

ഐഡികൾ ലയിപ്പിക്കാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണെന്ന് ഞാൻ അംഗീകരിക്കുന്നു.

**ഫീസുകളും ചാർജുകളും:** ചാർജുകളുടെ ഷെഡ്യൂളിലും www.axisbank.com എന്ന വെബ്സൈറ്റിലും വിവരിച്ചിരിക്കുന്നതുപോലെ, എന്റെ അക്കൗണ്ടിനും ഞാൻ ഉപയോഗിക്കുന്ന മറ്റ് സേവനങ്ങൾക്കും എന്നിൽ നിന്നും ഫീസും നിരക്കുകളും ഈടാക്കപ്പെടുന്നതായിരിക്കും. എല്ലാ ഫീസുകളിലും ചരക്ക് സേവന നികുതിയും ബാധകമായ മറ്റ് നിയമപരമായ ചാർജുകളും ചുമത്തപെടുന്നതായിരിക്കും.

**പലിശ അടവ്:** സ്കീം കോഡിനായി വ്യക്തമാക്കിയ നിലവിലുള്ള നിരക്ക് അനുസരിച്ച് ആക്സിസ് ബാങ്ക് നിങ്ങളുടെ സേവിംഗ്സ് അക്കൗണ്ടിലേക്ക് പ്രതിദിന ബാലൻസ് അടിസ്ഥാനത്തിൽ പലിശ ക്രെഡിറ്റ് ചെയ്യുന്നതായിരിക്കും.

**ഫീസ്, നിരക്കുകൾ, സേവനങ്ങൾ, പലിശ നിരക്ക് എന്നിവയിലെ മാറ്റം:** ഫീസുകളിലോ ചാർജുകളിലോ സേവനങ്ങളിലോ എന്തെങ്കിലും മാറ്റങ്ങൾ വരുത്തുകയോ നിർത്തലാക്കുകയോ ചെയ്യുന്നതിനെ കുറിച്ച് കത്ത്/എസ്എംഎസ്/വെബ്സൈറ്റ്/ഇമെയിൽ അല്ലെങ്കിൽ ഇതര ആശയവിനിമയ രീതികൾ വഴിയുള്ള കത്തിടപാടുകൾ വഴി കുറഞ്ഞത് 30 ദിവസം മുമ്പെങ്കിലും എന്നെ അറിയിക്കും.

**റിക്കവറി:** അക്കൗണ്ടിൽ ഫീസുകളോ ചാർജുകളോ അടയ്ക്കുന്നതിന് മതിയായ തുക ഇല്ലെങ്കിൽ, കുടിശ്ശികയുള്ള തുക തീർപ്പാക്കാൻ കളക്ഷൻ വരുമാനമോ നിക്ഷേപങ്ങളോ ഉൾപ്പെടെ ലഭ്യമായ ഏതെങ്കിലും ക്രെഡിറ്റ് ഉപയോഗിക്കാൻ ഞാൻ ആക്സിസ് ബാങ്കിനെ അധികാരപ്പെടുത്തുന്നു.

**ഡെബിറ്റ് ലിമിറ്റ്:** അക്കൗണ്ട് തുറക്കുന്നതിനായി സമർപ്പിച്ച രേഖകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാകുകയും ആയവ തൃപ്തികരമാണെന്ന് ബാങ്ക് കരുതുകയും ചെയ്യുന്നതുവരെ അക്കൗണ്ടിന് തുടക്കത്തിൽ 50000 രൂപ ഡെബിറ്റ് പരിധി ഉണ്ടായിരിക്കുമെന്ന് ഞാൻ മനസിലാക്കുന്നു. ആക്സിസ് ബാങ്ക് പ്രതിനിധി വഴി ആരംഭിച്ച അക്കൗണ്ടുകൾക്ക്, ബാങ്ക് ഡോക്യുമെന്റ് പരിശോധിച്ചതിന് ശേഷം മാത്രമേ ഡെബിറ്റ് ഇടപാടുകൾ പ്രവർത്തനക്ഷമമാക്കൂ.

**പ്രവർത്തനരഹിതമായ അക്കൗണ്ട്:** അക്കൗണ്ട് ഉടമ 2 വർഷമോ അതിൽ കൂടുതലോ കാലയളവിൽ ഇടപാടുകളൊന്നുംനടത്താത്ത പക്ഷം, പ്രസ്തുത അക്കൗണ്ട് പ്രവർത്തനരഹിത അക്കൗണ്ട് ആയി കണക്കാക്കും.

**അക്കൗണ്ട് ഫ്രീസ്:** നിർദ്ദിഷ്ട സാഹചര്യങ്ങളിൽ എന്റെ അക്കൗണ്ട് മരവിപ്പിക്കാൻ ഞാൻ/ഞങ്ങൾ ബാങ്കിനെ അധികാരപ്പെടുത്തുന്നു, മറ്റുവിധത്തിൽ പ്രസ്താവിച്ചിട്ടില്ലാത്ത പക്ഷം എനിക്ക് അറിയിപ്പ് നൽകുന്നതായിരിക്കും. എ. അക്കൗണ്ട് തുറക്കുന്നതിനായി ഞാൻ നൽകിയ രേഖകൾ തൃപ്തികരമല്ലെന്ന് വരുന്ന പക്ഷം. ബി. പ്രായപൂർത്തിയാകാത്ത അക്കൗണ്ട് ഉടമ പ്രായപൂർത്തിയാകുമ്പോൾ. സി. എന്റെ അക്കൗണ്ടിലെ ഇടപാടുകൾ ഞാൻ അല്ല നടത്തിയതെന്ന് ബാങ്ക്

സംശയിക്കുന്നുവെങ്കിൽ (ഇതിനകം നടപ്പിലാക്കിയ ഇടപാടുകൾക്ക് ബാങ്ക് ബാധ്യസ്ഥനായിരിക്കില്ല). ഡി. എന്റെ അക്കൗണ്ട് ഒരു മണി മ്യൂൾ എന്ന നിലയിലോ അല്ലെങ്കിൽ അനധികൃത പണമിടപാടിനു വേണ്ടിയോ ഏതെങ്കിലും നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കോ വേണ്ടി ഉപയോഗിക്കുന്നതായി സംശയം ഉയർന്നാൽ (അത്തരം സന്ദർഭങ്ങളിൽ എനിക്ക്/ഞങ്ങൾക്ക് യാതൊരു വിധ അറിയിപ്പും ലഭിക്കുന്നതല്ല) ഇ. ഫോം 49 എയും ആധാർ എൻറോൾമെന്റ് നമ്പറും സഹിതം ഒരു അക്കൗണ്ട് തുറക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത അക്കൗണ്ടിന്റെ തരവുമായി ബന്ധപ്പെട്ട നിശ്ചിത സമയപരിധിക്കുള്ളിൽ ആവശ്യമായ പാൻ, ആധാർ നമ്പറുകൾ ബാങ്കിന് നൽകിയിരിക്കണം.

**അക്കൗണ്ട് ക്ലോസ് ചെയ്യുന്നത്:** ഇനി പറയുന്ന സാഹചര്യങ്ങളിൽ എനിക്കു യാതൊരു വിധ അറിയിപ്പും നൽകാതെ തന്നെ എന്റെ അക്കൗണ്ട് ക്ലോസ് ചെയ്യാൻ ഞാൻ ബാങ്കിനെ അധികാരപ്പെടുത്തുന്നു. എ) മൂന്നു മാസമോ അതിൽ അധികമോ അക്കൗണ്ട് ബാലൻസ് പൂജ്യം ആയി തുടരുന്ന പക്ഷം. ബി) എന്റെ അക്കൗണ്ടിൽ നിന്നും സ്ഥിരമായി പേയ്മെന്റുകൾ മടങ്ങുന്ന പക്ഷം സി. ഇടപാടുകളുടെ അളവ് അല്ലെങ്കിൽ സ്വഭാവം സംബന്ധിച്ച അക്കൗണ്ടിലെ തെറ്റായ പെരുമാറ്റം. ഡി. അക്കൗണ്ടിന്റെ അപര്യാപ്തമായ പെരുമാറ്റത്തിന്.

**അക്കൗണ്ട് പരിവർത്തനം (സാലറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് ബാധകം):** തുടർച്ചയായി 3 മാസത്തേക്ക് എന്റെ സാലറി അക്കൗണ്ടിലേക്ക് ശമ്പളം ക്രെഡിറ്റ് ചെയ്യപ്പെടാത്ത പക്ഷം, മുൻകൂർ അറിയിപ്പുകളൊന്നും കൂടാതെ തന്നെ പ്രസ്തുത അക്കൗണ്ട് സ്വയമേവ ഒരു സാധാരണ സേവിംഗ്സ് അക്കൗണ്ടായി മാറുന്നതായിരിക്കും. ഈ പരിവർത്തനത്തിന് (ആവശ്യമായ ചാർജുകളും ഫീസും അടക്കം), കൂടാതെ മുഴുവൻ KYC നടപടിക്രമങ്ങളും നടപ്പിലാക്കപ്പെടുകയും, ആയത് പാലിക്കുന്നതിൽ പരാജയപ്പെടുന്നത് ക്രെഡിറ്റ് ഫ്രീസിലേക്ക് നയിക്കുകയും ചെയ്യും.

**ഇടപാടുകൾ:** നിലവിലെ റെഗുലേറ്ററി മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി, ബാങ്ക് വ്യക്തമാക്കിയിട്ടുള്ള അംഗീകൃത ചാനലുകളിലൂടെ മാത്രമേ, ഞാൻ ആക്സിസ് ബാങ്കിന് സാമ്പത്തികമോ സാമ്പത്തികേതരമോ ആയ അക്കൗണ്ട് നിർദ്ദേശങ്ങൾ (ഉദാ. ചെക്ക് ബുക്ക്/കാർഡ് വിതരണം, സാമ്പത്തിക ഇടപാടുകൾ, വ്യക്തിഗത വിവരങ്ങൾ അപ്ഡേറ്റ് ചെയ്യൽ തുടങ്ങിയവ) നൽകുകയുള്ളു. അംഗീകൃത ചാനലുകളിലൂടെ അല്ലാതെ ലഭിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ ആക്സിസ് ബാങ്ക് ബാധ്യസ്ഥരല്ല, എന്നാൽ അസാധാരണമായ സാഹചര്യങ്ങളിൽ അപ്രകാരമുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കാനുള്ള അവകാശം ബാങ്കിന്റെ വിവേചനാധികാരത്തിൽ നിക്ഷിപ്തമായിരിക്കും.

**ചാനൽ സൗകര്യങ്ങൾ:** ഡെബിറ്റ് കാർഡുകൾ, എടിഎം കാർഡുകൾ, എടിഎമ്മുകൾ, ഇന്റർനെറ്റ് ബാങ്കിംഗ് മുതലായ ആക്സിസ് ബാങ്ക് വാഗ്ദാനം ചെയ്യുന്ന എല്ലാ ചാനൽ സൗകര്യങ്ങളും www.axisbank.com-ൽ ലഭ്യമായതും എനിക്ക് നൽകിയിട്ടുള്ള നിബന്ധനകളിലും വ്യവസ്ഥകളിലും വിവരിച്ചിരിക്കുന്നുതുമായ നിർദ്ദിഷ്ട

മാർഗ്ഗനിർദ്ദേശങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു. എന്റെ/ഞങ്ങളുടെ അക്കൗണ്ടുമായി ബന്ധപ്പെട്ട തന്ത്രപ്രധാനമായ വിവരങ്ങളൊന്നും ഇന്റർനെറ്റ്/ഇമെയിൽ/ഫോൺ ചാനലുകൾ വഴി, വെളിപ്പെടുത്താതിരിക്കാൻ ഞാൻ/ഞങ്ങൾ സമ്മതിക്കുകയും ആയതിനു പ്രതിജ്ഞാബദ്ധരാവുകയും ചെയ്യുന്നു, അത്തരം വെളിപ്പെടുത്തലുകളുടെ ഫലമായുണ്ടാകുന്ന ഏതെങ്കിലും വഞ്ചനാപരമായ പ്രവർത്തനങ്ങൾക്ക് ആക്സിസ് ബാങ്ക് ഉത്തരവാദിയായിരിക്കില്ലെന്ന് ഞാൻ  മനസ്സിലാക്കുന്നു. അക്കൗണ്ടുമായി ബന്ധപ്പെട്ട ചെക്ക് ലീഫുകളോ ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകളോ നഷ്ടപ്പെട്ടാൽ ഉടൻ ബാങ്കിനെ അറിയിക്കുമെന്ന് ഇതിനാൽ സമ്മതിക്കുന്നു.

**ഡെബിറ്റ് കാർഡ്:** ഡെബിറ്റ് കാർഡിന്റെ ഉപയോഗം എക്സ്ചേഞ്ച് കൺട്രോൾ റെഗുലേഷനുകൾക്ക് അനുസൃതമായിരിക്കണം. ആയവ പാലിക്കാത്ത സാഹചര്യത്തിൽ, 1999 ലെ ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് പ്രകാരമുള്ളതും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശിച്ച അതിന്റെ തുടർ ഭേദഗതികൾ പ്രകാരമുള്ളതുമായ നടപടികൾക്ക് കാർഡ് ഉടമ വിധേയനാകുന്നതായിരിക്കും.

**ഇന്റർനെറ്റ് ബാങ്കിംഗ് നിരാകരണം:** ആക്സിസ് ബാങ്ക് ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യത്തിന്റെ ഇഷ്യൂവും ഉപയോഗവും www.axisbank.com എന്ന വെബ്സൈറ്റിൽ വിവരിച്ചിരിക്കുന്ന പ്രകാരം നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ചാണ് നിയന്ത്രിക്കപ്പെടുന്നതെന്ന് ഞാൻ/ഞങ്ങൾ മനസിലാക്കുകയും അവ പാലിക്കാമെന്നു സമ്മതിക്കുകയും ചെയ്യുന്നു. ഇമെയിലുകളിലൂടെയോ മറ്റേതെങ്കിലും മാർഗങ്ങളിലൂടെയോ ആക്സിസ് ബാങ്ക് ലിമിറ്റഡ് അതിന്റെ ഉപഭോക്താക്കളിൽ നിന്ന് ലോഗിൻ ഐഡി/പാസ്വേഡ് സംബന്ധിച്ച ഒരു വിവരവും അഭ്യർത്ഥിക്കുന്നില്ലെന്ന് ഞാൻ/ഞങ്ങൾ മനസിലാക്കുന്നു. ലോഗിൻ ഐഡി, പാസ്വേഡ്, കാർഡുകൾ, കാർഡ് നമ്പറുകൾ, അല്ലെങ്കിൽ പിൻ (വ്യക്തിഗത ഐഡന്റിഫിക്കേഷൻ നമ്പർ) എന്നിവ പങ്കുവെക്കുന്നത്/വെളിപ്പെടുത്തുന്നതിന്റെ ഫലമായി എനിക്ക്/ഞങ്ങൾക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് ആക്സിസ് ബാങ്ക് ഉത്തരവാദിയായിരിക്കില്ലെന്ന് ഞാൻ/ഞങ്ങൾ മനസിലാക്കുകയും സമ്മതിക്കുകയും ചെയ്യുന്നു, കൂടാതെ, അനധികൃത ഉപയോഗത്തിനായി ഞാൻ/ഞങ്ങൾ ബാങ്കിനെതിരായ ഏതെങ്കിലും ക്ലെയിമുകൾ ഉന്നയിക്കുന്നതല്ല. അനധികൃത ഉപയോഗം തടയുന്നതിന് എന്റെ/ഞങ്ങളുടെ അക്കൗണ്ട് വിശദാംശങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ എല്ലാ മുൻകരുതലുകളും ഞാൻ/ഞങ്ങൾ എടുക്കുന്നതാണ്.

**വ്യക്തിപരമായ വിവരങ്ങൾ:** എ. എന്റെ വ്യക്തിഗത വിവരങ്ങളിലോ  വിലാസതിലോ ഉള്ള മാറ്റങ്ങൾ രണ്ടാഴ്ചയ്ക്കുള്ളിൽ ആവശ്യമായ രേഖകൾ സഹിതം ഞാൻ ബാങ്കിനെ അറിയിക്കും. ഞാൻ നൽകുന്ന തെറ്റായ വിവരങ്ങളുടെയോ അല്ലെങ്കിൽ എന്റെ വിശദാംശങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിൽ പരാജയപ്പെടുന്നതിന്റെയോ ഫലമായുണ്ടാകുന്ന ഏതൊരു നഷ്ടത്തിനും ആക്സിസ് ബാങ്കിന് നഷ്ടപരിഹാരം നൽകാൻ ഞാൻ സമ്മതിക്കുന്നു, ബി. ഞാൻ നൽകുന്ന എല്ലാ വിവരങ്ങളും (വ്യക്തിപരവും സെൻസിറ്റീവായതുമായ വിശദാംശങ്ങൾ ഉൾപ്പെടെ) സേവനങ്ങൾ നൽകുന്നതിനും ഇടപാടുകൾ സുഗമമാക്കുന്നതിനും അപ്ഡേറ്റുകൾ നൽകുന്നതിനും

(മൂല്യവർദ്ധിത സേവനങ്ങൾ ഉൾപ്പെടെ), ഗവേഷണവും വിശകലനവും നടത്തുന്നതിനും ക്രെഡിറ്റ് സ്കോറിംഗ് നടത്തുന്നതിനും പരിശോധന നടത്തുന്നതിനും ടെലികമ്മ്യൂണിക്കേഷനുകളിലോ ഇലക്ട്രോണിക് ക്ലിയറിംഗ് നെറ്റ്‌വർക്കുകളിലോ പങ്കെടുക്കുന്നതിനും ബാങ്കിന്റെ നിയമപ്രകാരമോ കീഴനടപ്പനസരിച്ചുള്ളതോ ആയ രീതിയിലോ ഉപയോഗിക്കും. സി. വ്യക്തിപരവും സെൻസിറ്റീവായതുമായ വിശദാംശങ്ങൾ ഉൾപ്പെടെ ഞാൻ നൽകുന്ന എല്ലാ വിവരങ്ങളും, ആക്സിസ് ബാങ്കുമായി ബിസിനസ് കരാറുള്ള ഏജൻസികൾ/സേവന ദാതാക്കൾ എന്നിവരുമായി അറിഞ്ഞിരിക്കേണ്ട അടിസ്ഥാനത്തിൽ പങ്കിട്ടേക്കാം. ബാങ്കിന്റെ സ്വകാര്യതാ നയത്തിൽ വിവരിച്ചിരിക്കുന്നതുപോലെ, പ്രസക്തമായ നിയമങ്ങളും നിയന്ത്രണങ്ങളും പാലിക്കാൻ ആക്സിസ് ബാങ്ക് ലക്ഷ്യമിടുന്നു. ഡാറ്റ പങ്കിടലിനുള്ള എന്റെ സമ്മതം പിൻവലിക്കാൻ ഞാൻ തീരുമാനിക്കുകയാണെങ്കിൽ, ആ സമ്മതത്തെ അടിസ്ഥാനമാക്കി എനിക്ക് മുമ്പ് ലഭ്യമായ ഉൽപ്പന്നങ്ങൾ/സേവനങ്ങൾ തുടർന്ന് ആക്സസ് ചെയ്യാനാകില്ല, അത്തരം ഉൽപ്പന്നങ്ങൾ/സേവനങ്ങൾ ഉപയോഗിക്കുന്നത് ഞാൻ അവസാനിപ്പിക്കേണ്ടതാകുന്നു. ഡി. "നിയമം, നിയമങ്ങൾ, അല്ലെങ്കിൽ ചട്ടങ്ങൾ, അല്ലെങ്കിൽ ഒരു പൊതു അല്ലെങ്കിൽ റെഗുലേറ്ററി അതോറിറ്റിയുടെ അഭ്യർത്ഥന പ്രകാരം, അല്ലെങ്കിൽ വഞ്ചന തടയുന്നതിനോ പൊതു താൽപ്പര്യത്തിനോ വേണ്ടി ആവശ്യമെങ്കിൽ, അക്കൗണ്ട് ഉടമയിൽ നിന്ന് വ്യക്തമായ സമ്മതം വാങ്ങാതെ തന്നെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ പങ്കിടാം. മൊബൈൽ നമ്പർ നൽകുന്ന പക്ഷം ജോയിന്റ് അക്കൗണ്ട് ഉടമകൾക്ക് വൺ ടൈം പാസ്‌വേഡുകളും (OTP) എടിഎം, ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ് എന്നിവ വഴിയുള്ള ഇടപാടുകൾക്കുള്ള ഇടപാട് അലേർട്ടുകളും ലഭിക്കുന്നതായിരിക്കും. ആക്സിസ് ബാങ്കിൽ നിന്ന് ബാങ്കിംഗ് സേവനങ്ങൾ ലഭിക്കുന്നതിന് ആധാർ അടിസ്ഥാനമാക്കിയുള്ള പ്രാമാണീകരണ സംവിധാനം ഉപയോഗിച്ച് എന്നെത്തന്നെ പ്രാമാണീകരിക്കാനുള്ള എന്റെ സമ്മതം ഞാൻ സ്ഥിരീകരിക്കുന്നു. എന്റെ ആധാർ നമ്പറോ ബയോമെട്രിക് കൂടാതെ/അല്ലെങ്കിൽ വൺ ടൈം പിൻ (OTP) ഡാറ്റയോ അല്ലെങ്കിൽ ഇതിന് സമാനമായ ഏതെങ്കിലും പ്രാമാണീകരണ സംവിധാനമോ നൽകാൻ ഞാൻ സമ്മതിക്കുന്നു. നിർദ്ദിഷ്ട ഇടപാടിന് UIDAI-ൽ നിന്ന് eKYC നേടുന്നതിന് ആധാർ പ്രാമാണീകരണ സംവിധാനത്തിലൂടെ എന്റെ ഐഡന്റിറ്റി പരിശോധിക്കുന്നതിന് മാത്രമേ ഈ പ്രാമാണീകരണ രീതികൾ ഉപയോഗിക്കൂ എന്ന് ഞാൻ മനസ്സിലാക്കുന്നു. ആധാർ അധിഷ്ഠിത പ്രാമാണീകരണ ആവശ്യങ്ങൾക്കായി ഞാൻ നൽകുന്ന വ്യക്തിഗത ഐഡന്റിറ്റി ഡാറ്റയുടെ സുരക്ഷയും രഹസ്യസ്വഭാവവും നിലനിർത്തുന്നതിനുള്ള ഉത്തരവാദിത്തം ആക്സിസ് ബാങ്കിനാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ആധാർ അടിസ്ഥാനമാക്കിയുള്ള പ്രാമാണീകരണത്തിലൂടെ യോഗ്യമായ സ്കീമുകൾക്ക് കീഴിൽ സർക്കാർ പേയ്മെന്റുകൾ സ്വീകരിക്കുന്നതിന് ലിങ്ക് ചെയ്ത ആധാർ-പ്രാപ്തമാക്കിയ ബാങ്ക് അക്കൗണ്ട് ഉപയോഗിക്കുന്നതിന് ഞാൻ ബാങ്കിന് ഇതിനാൽ അംഗീകാരം നൽകുന്നു. സാധുവായ ബിസിനസ് ആവശ്യങ്ങൾക്കായി എന്റെ അപേക്ഷ പ്രോസസ്സ് ചെയ്യുന്നതിന്റെ ഭാഗമായി എന്റെ ആധാർ നമ്പർ പരിശോധിച്ചുറപ്പിക്കാനും പ്രാമാണീകരിക്കാനും ഞാൻ ആക്സിസ് ബാങ്കിന് അംഗീകാരം നൽകുന്നു. എന്റെ ആധാറുമായി ബന്ധപ്പെട്ട

വിശദാംശങ്ങൾ/വിവരങ്ങൾ ആവശ്യാനുസരണം റെഗുലേറ്ററി/സ്റ്റാറ്റ്യൂട്ടറി ബോഡികൾക്ക് വെളിപ്പെടുത്താൻ ഞാൻ ബാങ്കിനെ അധികാരപ്പെടുത്തുന്നു. മേൽപ്പറഞ്ഞ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എടുത്തതോ ഒഴിവാക്കിയതോ ആയ ഏതെങ്കിലും നടപടി മൂലം ഉണ്ടാകുന്ന ചിലവുകൾ, ചാർജുകൾ, നാശനഷ്ടങ്ങൾ, അല്ലെങ്കിൽ പിഴകൾ എന്നിവയിൽ നിന്ന് എല്ലായ്പ്പോഴും ബാങ്കിന് നഷ്ടപരിഹാരം നൽകികൊള്ളാമെന്നു ഞാൻ സമ്മതിക്കുന്നു.

**ഇൻസ്റ്റ A/C പ്രഖ്യാപനം:** സ്വാഗത കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡെബിറ്റ് കാർഡും ചെക്ക് ബുക്കും ലഭിച്ചതായി ഞാൻ സ്ഥിതീകരിക്കുന്നു. ഒരു സേവിംഗ്സ്/കറന്റ് അക്കൗണ്ട് തുറക്കുന്നതിനായി ഞാൻ ആക്സിസ് ബാങ്കിനെ സമീപിച്ചിട്ടുണ്ട്. അക്കൗണ്ട് ആക്ടിവേറ്റ് ചെയ്തതിന് ശേഷം മാത്രമേ ഞാൻ അത് പ്രവർത്തിപ്പിക്കാവൂ എന്ന് ഞാൻ മനസ്സിലാക്കുന്നു, ഇത് സംബന്ധിച്ച് എനിക്ക് അറിയിപ്പ് ലഭിചിരിക്കുന്നു. ഇവയിൽ എന്തിനെയെങ്കിലും ലംഘനം എന്റെ ഭാഗത്തുനിന്ന് സംഭവിക്കുന്ന പക്ഷം ആയത് ഒരു ഡിഫോൾട്ടായി കണക്കാക്കുമെന്ന് മനസ്സിലാക്കിക്കൊണ്ട്, ഈ കടപ്പാട് പാലിക്കാൻ ഞാൻ പ്രതിജ്ഞാബദ്ധമാണ്. അത്തരത്തിലുള്ള ഒരു വീഴ്ച സംഭവിച്ചാൽ ഒരു കാരണവും കാണിക്കാതെ തന്നെ ഉടൻ അക്കൗണ്ട് ക്ലോസ് ചെയ്യാനുള്ള അവകാശം ബാങ്കിന് ഉണ്ടായിരിക്കും. അർത്ഥമാക്കുന്നില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. ആക്സിസ് ബാങ്ക് ലിമിറ്റഡ്, അതിന്റെ വിവേചനാധികാരത്തിൽ, അധിക രേഖകൾ ആവശ്യപ്പെടുകയോ ഏതെങ്കിലും കാരണത്താൽ അപേക്ഷ നിരസിക്കുകയോ ചെയ്യാം. അപേക്ഷ നിരസിക്കപ്പെട്ടാൽ, വെൽകം കിറ്റും കത്തും അസാധുവാക്കിയതായി പരിഗണിക്കുമെന്ന് ഞാൻ മനസ്സിലാക്കുകയും, അവ ബാങ്കിലേക്ക് ഉടൻ തിരികെ നൽകുമെന്ന് ഞാൻ സമ്മതിക്കുകയും ചെയ്യുന്നു. എന്റെ അക്കൗണ്ട് സജീവമാക്കിയതിന് ശേഷം മാത്രമേ ഞാൻ ചെക്കുകൾ നൽകൂ എന്ന് ഞാൻ സമ്മതിക്കുകയും ബാങ്ക് എന്റെ അക്കൗണ്ട് ആക്ടിവേറ്റ് ചെയ്യുന്നതിന് മുമ്പ് ഒരു ചെക്ക് ഇഷ്യൂ ചെയ്യുന്ന സാഹചര്യത്തിൽ ബാങ്കിന് ഉണ്ടാകുന്ന ചിലവുകൾ, അനന്തരഫലങ്ങൾ, ചെലവുകൾ മുതലായവയ്ക്കു ബാങ്കിന് നഷ്ടപരിഹാരം നൽകാമെന്ന് ഞാൻ സമ്മതിക്കുകയും ചെയ്യുന്നു. നിങ്ങളുടെ അക്കൗണ്ടിലേക്ക് പണം നിക്ഷേപിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ദയവായി ശാഖ സന്ദർശിക്കുക. സെയിൽസ് സ്റ്റാഫിനോ മറ്റേതെങ്കിലും ബാങ്ക് പ്രതിനിധിക്കോ പണം കൈമാറരുത്. നൽകിയിരിക്കുന്ന വിവരങ്ങൾ കാലികവും കൃത്യവുമാണെന്ന് ഞാൻ ഇതിനാൽ പ്രഖ്യാപിക്കുന്നു. കൂടാതെ, KYC ഡോക്യുമെന്റുകളുടെ ഫോട്ടോകൾക്കൊപ്പം ഞാൻ എന്റെ സമീപകാല ഫോട്ടോയും സമർപ്പിക്കുന്നു. പ്രസക്തമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി ബാങ്കിന്റെ ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുമെന്ന് ഞാൻ മനസ്സിലാക്കുന്നു. സമർപ്പിച്ച അപേക്ഷയ്ക്കും നാമനിർദ്ദേശ ഫോമിനും ബാങ്കിൽ നിന്നുള്ള ഒരു റസീതിയും നിയമങ്ങളുടെയും ചട്ടങ്ങളുടെയും പകർപ്പും ലഭിച്ചതായി ഞാൻ സ്ഥിരീകരിക്കുന്നു.

**പരിമിതമായ ഉപഭോക്തൃ ബാധ്യത -** എ. പേയ്മെന്റ് ക്രെഡൻഷ്യലുകൾ പങ്കിടുന്നത് പോലെയുള്ള എന്റെ/ഞങ്ങളുടെ അശ്രദ്ധയിൽ നിന്ന് ഉണ്ടാകുന്ന സന്ദർഭങ്ങളിൽ, അനധികൃത ഇടപാട് ഞാൻ/ഞങ്ങൾ ബാങ്കിൽ റിപ്പോർട്ട് ചെയ്യുന്നതുവരെയുള്ള,

അനധികൃത ഇടപാടുകളുടെ ഫലമായുണ്ടാകുന്ന നഷ്ടത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം ഞാൻ/ഞങ്ങൾ വഹിക്കുന്നതായിരിക്കും. അനധികൃത ഇടപാട് റിപ്പോർട്ട് ചെയ്തതിന് ശേഷം ഉണ്ടാകുന്ന നഷ്ടം ബാങ്ക് വഹിക്കും. ബി. അനധികൃത ഇലക്ട്രോണിക് ബാങ്കിംഗ് ഇടപാടിന് ബാങ്കോ ഞാനോ/ഞങ്ങളോ ഉത്തരവാദികളല്ലാത്ത സാഹചര്യത്തിൽ, സിസ്റ്റത്തിൽ മറ്റെവിടെയെങ്കിലും പിഴവ് സംഭവിക്കുന്ന സാഹചര്യത്തിൽ, അത്തരം ഇടപാടിനെക്കുറിച്ച് ബാങ്കിനെ അറിയിക്കുന്നതിൽ കാലതാമസം ഉണ്ടായാൽ, ഓരോ ഇടപാടിനും ഇടപാട് മൂല്യത്തിനോ, പ്രസക്തമായ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പരമാവധി ഉപഭോക്തൃ ബാധ്യതയായി വ്യക്തമാക്കിയ തുകയ്ക്കോ പരിമിതപ്പെടുത്തുക, ഏതാണോ കുറവ് അതിന് ഞാൻ/ഞങ്ങൾ ബാധ്യസ്ഥരായിരിക്കും.

**വൺ അസിസ്റ്റ് ഡിക്ലറേഷൻ:** വൺ അസിസ്റ്റ് പ്ലാനിനെക്കുറിച്ച് കൂടുതലറിയാനുള്ള എന്റെ താൽപ്പര്യം ഞാൻ പ്രകടിപ്പിക്കുന്നു, കൂടാതെ ആക്സിസ് ബാങ്കിനോ കൂടാതെ/അല്ലെങ്കിൽ അതിന്റെ പ്രതിനിധിക്കോ അവരുടെ ഏജന്റുമാർക്കോ വൺ അസിസ്റ്റ് കൺസ്യൂമർ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിനോ അല്ലെങ്കിൽ വൺ അസിസ്റ്റുമായി ബന്ധപ്പെട്ട ഏതെങ്കിലും മൂന്നാം കക്ഷിക്കോ ഈ ആവശ്യത്തിനായി എന്നെ ബന്ധപ്പെടാൻ സമ്മതം നൽകുന്നു. വൺ അസിസ്റ്റ് കൺസ്യൂമർ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് നൽകുന്ന ഒരു സേവനമാണ് വൺ അസിസ്റ്റ് എന്ന് ഞാൻ അംഗീകരിക്കുന്നു, ഈ ഫോമിൽ നൽകിയിരിക്കുന്ന വിവരങ്ങൾ വൺ അസിസ്റ്റ് കൺസ്യൂമർ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡുമായും കൂടാതെ/അല്ലെങ്കിൽ ആക്സിസ് ബാങ്കിന്റെ ക്രമീകരണത്തിന് കീഴിലുള്ള ആക്സിസ് ബാങ്ക് ആവശ്യമായതോ ഉചിതമെന്ന് കരുതുന്നതോ ആയ ഏതെങ്കിലും മൂന്നാം കക്ഷിയുമായും പങ്കിട്ടേക്കാം. ഈ സമ്മതം ഞാൻ നടത്തിയേക്കാവുന്ന ഏതെങ്കിലും ഡു നോട്ട് കോൾ (DNC) രജിസ്ട്രേഷന്റെ പ്രത്യേക ഒഴിവാക്കലായി വർത്തിക്കുന്നു, വൺ അസിസ്റ്റിലെ വിവരങ്ങളുമായി ബന്ധപ്പെടാൻ അനുവദിക്കുന്നു. Y______N_____ *ഇത് കമ്മ്യൂണിക്കേഷൻ സ്വീകരിക്കാൻ ഉപഭോക്താക്കളെ പ്രാപ്തരാക്കുന്നതിന് 90 ദിവസത്തേക്ക് DNC ഒഴിവാക്കലിനെ മറികടക്കും.

**FATCA-CRS നിബന്ധനകളും വ്യവസ്ഥകളും:** സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ് 1962 ലെ ആദായനികുതി ചട്ടങ്ങൾ പ്രകാരം 114F മുതൽ 114H വരെയുള്ള റൂളുകൾ 2015 ഓഗസ്റ്റ് 7-ന് പുറപ്പെടുവിക്കുകയുണ്ടായി. ഞങ്ങളുടെ എല്ലാ അക്കൗണ്ട് ഉടമകളിൽ നിന്നും നിർദ്ദിഷ്ട സർട്ടിഫിക്കേഷനുകളും ഡോക്യുമെന്റേഷനുകളും സഹിതം അധിക വ്യക്തിഗത, നികുതി, ഉടമയെക്കുറിച്ചുള്ള പ്രയോജനപ്രദമായ വിവരങ്ങൾ എന്നിവ ശേഖരിക്കാൻ ബാങ്ക് പോലുള്ള ഇന്ത്യൻ ധനകാര്യ സ്ഥാപനങ്ങളെ പ്രസ്തുത നിയമങ്ങൾ പ്രാപ്തരാക്കുന്നു. പ്രസക്തമായ സന്ദർഭങ്ങളിൽ, അക്കൗണ്ടിൽ നിന്നോ അതുമായി ബന്ധപ്പെട്ട ഏതെങ്കിലും വരുമാനത്തിൽ നിന്നോ ശരിയായ വിത്ത് ഹോൾഡിംഗ് ഉറപ്പാക്കാൻ നികുതി അധികാരികൾ/നിയമിച്ച ഏജൻസികൾ/വിത്ത് ഹോൾഡിംഗ് ഏജന്റുമാർക്ക് വിവരങ്ങൾ വെളിപ്പെടുത്തണം. നിങ്ങൾ നൽകിയ വിവരങ്ങളിൽ എന്തെങ്കിലും മാറ്റങ്ങളുണ്ടെങ്കിൽ, ദയവായി 30 ദിവസത്തിനകം

ഞങ്ങളെ അറിയിക്കുക. നിങ്ങളുടെ ടാക്സ് റെസിഡൻസി സ്റ്റാറ്റസിനെക്കുറിച്ച് നിങ്ങൾക്ക് സംശയങ്ങളുണ്ടെങ്കിൽ, ദയവായി നിങ്ങളുടെ ടാക്സ് അഡ്വൈസറെ സമീപിക്കുക. നിങ്ങൾ ഒരു യുഎസ് പൗരനോ, റെസിഡണ്ടോ, ഗ്രീൻ കാർഡ് ഉടമയോ ആണെങ്കിൽ, നിങ്ങളുടെ യുഎസ് ടാക്സ് ഐഡന്റിഫിക്കേഷൻ നമ്പറിനൊപ്പം വിദേശ രാജ്യ വിവര ഫീൽഡിൽ യുണൈറ്റഡ് സ്റ്റേറ്റ്സിനെ ഉൾപ്പെടുത്തുക. നിങ്ങളുടെ ടാക്സ്-റെസിഡന്റ് രാജ്യം അത്തരം ഐഡന്റിഫയറുകൾ പുറപ്പെടുവിക്കുകയാണെങ്കിൽ, TIN നമ്പറോ, തത്തുല്യ രേഖയോ നൽകേണ്ടത് നിർബന്ധമാണ്. TIN നിലവിൽ ലഭ്യമല്ലെങ്കിലോ അല്ലെങ്കിൽ ഇഷ്യു ചെയ്തിട്ടില്ലെങ്കിലോ, ദയവായി ഒരു വിശദീകരണം നൽകി ഫോമിൽ അറ്റാച്ചുചെയ്യുക. CKYC പ്രഖ്യാപനം: എന്റെ വ്യക്തിഗത/KYC വിശദാംശങ്ങൾ സെൻട്രൽ KYC രജിസ്ട്രിയുമായി പങ്കിട്ടേക്കാം. സെൻട്രൽ KYC രജിസ്ട്രിയിൽ നിന്ന് മുകളിൽ സൂചിപ്പിച്ച രജിസ്റ്റർ ചെയ്ത കോൺടാക്റ്റ് വിശദാംശങ്ങളിൽ SMS/ഇമെയിൽ വഴി വിവരങ്ങൾ സ്വീകരിക്കുന്നതിന് ഞാൻ ഇതിനാൽ സമ്മതിക്കുന്നു.

എന്റെ കൈവശമുള്ള മറ്റ് കസ്റ്റമർ ഐഡികൾ സസ്പെൻഡ് ചെയ്യുമ്പോൾ, ആർബിഐ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച്, എന്റെ ഏക ഉപഭോക്തൃ ഐഡി നിലനിർത്താനും എന്റെ സജീവമായ എല്ലാ ബന്ധങ്ങളും നിലനിർത്തിയ കസ്റ്റമർ ഐഡിയുമായി ബന്ധപ്പെടുത്താനും ഞാൻ/ഞങ്ങൾ ബാങ്കിന് അധികാരം നൽകുന്നു. എല്ലാ ബാങ്കിംഗ് ബന്ധങ്ങൾക്കുമായി നിലവിലുള്ള കസ്റ്റമർ ഇൻഫർമേഷൻ ഫയലിൽ (CIF) മൊബൈൽ നമ്പർ, ഇമെയിൽ വിലാസം, വിലാസം, പുതിയ ഒപ്പ് എന്നിവ ഉൾപ്പെടെ അക്കൗണ്ട് തുറക്കൽ ഫോമിൽ (AOF) ലിസ്റ്റുചെയ്തിരിക്കുന്ന എന്റെ ഏറ്റവും പുതിയ വ്യക്തിഗത വിശദാംശങ്ങൾ അപ്ഡേറ്റ് ചെയ്യാൻ ഞാൻ/ഞങ്ങൾ സമ്മതിക്കുന്നു. ഫ്ലിപ്കാർട്ട് ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ലിബർട്ടി സേവിംഗ്സ് അക്കൗണ്ടിന് അപേക്ഷിക്കുന്ന ഉപഭോക്താക്കൾക്ക്, ഫ്ലിപ്പ്കാർട്ട് ക്രെഡിറ്റ് കാർഡ് അക്കൗണ്ട് തുറക്കുന്നതിന് 20 ദിവസത്തിനുള്ളിൽ അല്ലെങ്കിൽ അതിന് ശേഷമോ ലിബർട്ടി സേവിംഗ്സ് അക്കൗണ്ട് തുറന്നാൽ, ഫ്ലിപ്പ്കാർട്ട് ക്രെഡിറ്റ് കാർഡിൽ ചേരുന്നതിനുള്ള ഫീസ് ഇളവിന് അർഹതയുണ്ട്. ഫ്ലിപ്പ്കാർട്ട് ക്രെഡിറ്റ് കാർഡിനുള്ള ജോയിംഗ് ഫീസ് ഒഴിവാക്കൽ ക്രെഡിറ്റ് കാർഡ് അക്കൗണ്ട് തുറന്ന തീയതി മുതൽ 45 ദിവസത്തിനുള്ളിൽ നടപ്പിലാക്കും. സജീവമായ ലിബർട്ടി സേവിംഗ്സ് അക്കൗണ്ടുമായി ബന്ധപ്പെട്ട എല്ലാ യോഗ്യതയുള്ള കാർഡുകൾക്കുമുള്ള തുടർന്നുള്ള ക്രെഡിറ്റ് കാർഡ് പ്രസ്താവനയിൽ ഇത് പ്രതിഫലിക്കുന്നതായിരിക്കും മേൽപ്പറഞ്ഞവ ബാങ്കിന്റെ വിവേചനാധികാരത്തിൽ അധിഷ്ഠിതമായി മാറ്റങ്ങൾക്ക് വിധേയമാണെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു. ഭാവിയിൽ ഞാൻ/ഞങ്ങൾ നൽകുന്ന വിവരങ്ങളിലോ ഡോക്യുമെന്റുകളിലോ എന്തെങ്കിലും അപ്ഡേറ്റുകളോ മാറ്റങ്ങളോ ഉണ്ടായാൽ, മാറ്റം വന്ന് 30 ദിവസത്തിനുള്ളിൽ ബാങ്കിനെ ഉടൻ അറിയിച്ചുകൊള്ളാമെന്നു ഞാൻ/ഞങ്ങൾ സമ്മതിക്കുന്നു. എന്റെ/ഞങ്ങളുടെ ജനസംഖ്യാ/സമ്പർക്ക വിശദാംശ വിവരങ്ങൾഎന്നിവ മറ്റ് ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾ/മറ്റ് ഉചിതമായ അധികാരികൾ എന്നിവർ ഉന്നയിക്കുന്ന നിർദ്ദിഷ്ട ആവശ്യങ്ങൾക്കായി പങ്കിടുന്നതിനോ വെളിപ്പെടുത്തുന്നതിനോ ബാങ്കിനെ അധികാരപ്പെടുത്താൻ ഞാൻ/ഞങ്ങൾ

സമ്മതിക്കുകയും ചെയ്യുന്നു. അക്കൗണ്ട് തുറക്കുന്ന സമയത്ത് പൂർത്തിയാക്കിയ അക്കൗണ്ട് തുറക്കൽ ഫോമിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, എന്റെ സാലറി അക്കൗണ്ടുമായി ലിങ്ക് ചെയ്തിരിക്കുന്ന ഒരു റീഇംബേഴ്സ്മെന്റ് അക്കൗണ്ട് (SBERA) തുറക്കാൻ ഞാൻ ആക്സിസ് ബാങ്കിന് ഇതിനാൽ അധികാരം നൽകുന്നു.